പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2617 **28-10-2026-ൽ മറുപടിയ്ക്ക്**

വനം വകുപ്പിന്റെ കർമ്മപദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) 15.09.2026-ൽ മനുഷ്യ വന്യജീവി സംഘർഷം ചർച്ച ചെയ്യുന്നതിന് കർഷക സംഘടനാ നേതാക്കളുമായി മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് ഒരു കർമ്മപദ്ധതി അവതരിപ്പിച്ചിരുന്നോ;

മറുപടി: അവതരിപ്പിച്ചു.

(ബി) ഇതുപ്രകാരം കേരളത്തിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരണത്തിനായി സംസ്ഥാനത്തെ 14 ലാൻഡ്സ്കേപ്പുകൾ ആയി തിരിച്ചിട്ടുണ്ടോ, എങ്കിൽ 14 ലാൻഡ്സ്കേപ്പുകൾ ഏതൊക്കെയാണ്;

മറുപടി: മികച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ വനമേഖലകളെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ-ആറളം, വയനാട്, കോഴിക്കോട്, നിലമ്പൂർ, മണ്ണാർക്കാട്, പാലക്കാട്, തൃശ്ശൂർ-പീച്ചി, വാഴച്ചാൽ-ചാലക്കുടി, മലയാറ്റൂർ, മൂന്നാർ-മാങ്കുളം, പെരിയാർ-റാന്നി, കോന്നി-തെന്മല, അഗസ്ത്യമല-തിരുവനന്തപുരം എന്നിവയാണ് 14 ലാൻഡ്സ്കേപ്പുകൾ.

(സി) ഈ പ്രദേശത്ത് കാർഷികമേഖലയിൽ ഇപ്പോൾ ഉള്ള സാധാരണ ജനജീവിതത്തിന് തടസം വരുത്തുന്നവിധം നിയന്ത്രണങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഇല്ല.

(ഡി) ഈ പദ്ധതിക്കായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത പദ്ധതിക്ക് വിദേശ സഹായം ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

മറുപടി: ലാന്റ്സ്കേപ്പ് ലെവൽ പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നാലു വർഷത്തേക്ക് 1040 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നിലവിലെ പ്ലാൻ ഫണ്ടിൽ നിന്നും വന്യജീവി സംരക്ഷണത്തിനുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ടിൽ നിന്നും ഇതിലേക്കാവശ്യമുള്ള തുക കണ്ടെത്തി വിനിയോഗിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി വിദേശ സഹായം ലഭ്യമാക്കുന്നില്ല.

(ഇ) പദ്ധതി പ്രകാരം വനം വകുപ്പിന്റെ കീഴിൽ ആരംഭിക്കാനിരിക്കുന്ന ഹോം സ്റ്റേകൾക്ക് ഇപ്പോൾ നിലനില്ക്കുന്ന വ്യവസ്ഥകൾ ബാധകം ആണോ; വിശദമാക്കുമോ?

<u>മറുപടി:</u> വനം വകുപ്പിന്റെ കീഴിൽ ഹോം സ്റ്റേ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ